# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 64 — 11.03.2015 -ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ :<br>,, എ. കെ. ബാലൻ :<br>,, എം. ചന്ദ്രൻ :<br>,, കെ. വി. വിജയദാസ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) 2013 -ൽ അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആരോഗ്യവകുപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ടിയുള്ള ഒട്ടനവധി നടപടികൾ എടുക്കുകയുണ്ടായി. ഇത് വഴി ശിശുമരണങ്ങൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 -ൽ 31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. 2014-ൽ 15 ശിശു മരണങ്ങളും 2015-ൽ ഇതുവരെ (മാർച്ച് 4) രണ്ടും (2) മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.ഇവിടെ അമ്മമാർക്ക് ഗർഭകാല പരിചരണവും, കുഞ്ഞുങ്ങൾക്ക് വേണ്ട ഫീൽഡ് പരിശോധനകളും പരിചരണവും ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വേണ്ട സേവനങ്ങളും പ്രത്യേക ശ്രദ്ധ നൽകി നടപ്പിലാക്കി വരുന്നുണ്ട്. മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും, അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരെക്കൂടി ആരോഗ്യ മിഷൻ വഴി നിയമിച്ച് ഫീൽഡ് തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും, അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും അയൺഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവെയ്പ്പുകൾ ,കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ എ നൽകൽ എന്നിവ കാര്യക്ഷമമായി നൽകി വരുന്നു. ഗുരുതരമായ പോഷകകുറവുള്ള കുട്ടികളുടെ പരിചരണത്തിനായി മൂന്ന് ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, സി.എച്ച്.സി അഗളി, പി.എച്ച്.സി. പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. |

(.....2)

ഇവിടെ പരിചരണം നൽകിയ കുട്ടികളുടെ തുടർ പരിചരണവും ചെറിയ പോഷകകുറവുള്ളവരുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തു വരുന്നുണ്ട്. ഈ പ്രവർത്തന ങ്ങളുടെ ഫലമായി 2013 -ൽ പ്രത്യേക പ്രവർത്തന ങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികളുടെ എണ്ണം 299 ആയിരുന്നത് 44 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് (മാർച്ച് 6). അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണി കളുടെയും ആരോഗ്യവിവരങ്ങൾ നിരീക്ഷണം ചെയ്യാൻ ജാതക് - ജനനി എന്ന കമ്പ്യൂട്ടർവത്കൃത പദ്ധതി യൂണിസെഫ് സഹായത്തോടെ നടന്നു വരുന്നു. അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളി ലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാ രുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവന ക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയ മിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയി ലൊരിക്കൽ ലഭ്യമാക്കി കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു. അഗളി സി.എച്ച്.സി., ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി. കളിലും ആവശ്യ ത്തിന് ഡോക്ടർമാരടക്കം നിയമിച്ചിട്ടുണ്ട്. അഞ്ച് മൊബൈൽ മെഡിക്കൽ യൂണിറ്റുകളും സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്.

എൻ.ആർ.എച്ച്.എം. -ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യ പാക്കേജ് വഴി 433.52 ലക്ഷം രൂപ 2013-2014 സാമ്പത്തിക വർഷത്തേക്കുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി വകയിരുത്തി.ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ,നവജാതശിശു പരി ചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

കോട്ടത്തറ ആശുപത്രിയിലെ ക്വാർട്ടേഴ്സുകൾ പണി പൂർത്തിയാക്കി ജീവനക്കാർ താമസിക്കാനാരം ഭിച്ചത് ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടു ത്താൻ സാധിച്ചിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ ദീർഘ കാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിനെ അട്ടപ്പാടി നോഡൽ ഓഫീസറായും, ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കോട്ടത്തറയുടെ സൂപ്രണ്ടായും നിയമിച്ചു.

(....3)

(ബി) നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഏതെങ്കിലും തരത്തിലുള്ള മേൽനോട്ട സംവിധാനം നിലവിലുണ്ടോ ; എങ്കിൽ എന്താണ് ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ പി.എച്ച്.സി. തലത്തിലും, സി.എച്ച്.സി. തലത്തിലും ജില്ലാ സംസ്ഥാന തലങ്ങളിലുമുള്ള അവലോകന യോഗങ്ങളുടെ ഭാഗമായി നടത്തി വരുന്നുണ്ട്. ആരോഗ്യ വകുപ്പിൽ നിന്ന് ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ റാങ്കിലുള്ള ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ലഭ്യമാകുന്ന രീതിയിൽ ചിട്ടപ്പെടുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് എം.പി, എം.എൽ.എ, ബ്ലോക്ക് - ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, വിവിധ വകുപ്പുകളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മിറ്റി എല്ലാ മാസവും യോഗം കൂടി അട്ടപ്പാടിയിൽ നടന്ന് വരുന്ന പ്രവർത്തനങ്ങളുടെ ഏകോപനവും മോണിറ്ററിങ്ങും ചെയ്ത് വരുന്നുണ്ട്.

കുഞ്ഞുങ്ങളുടെ പോഷണ നിലവാരത്തിന്റെ നിരീക്ഷണവും, ഗർഭകാല പരിചരണങ്ങളുടെ നിരീക്ഷണം, ജാതക് - ജനനി സോഫ്റ്റ്‌വെയർ സംവിധാനം വഴി ആരോഗ്യ വകുപ്പ് പ്രത്യേകമായി ചെയ്തു വരുന്നുണ്ട്.

(സി) ശിശുമരണത്തിനിടയാക്കിയ സാഹചര്യങ്ങളെക്കുറിച്ച് അന്വേഷിച്ച്, വീഴ്ച വരുത്തിയവരെ കണ്ടെത്തി നടപടി സ്വീകരിച്ചിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ?

(സി) അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ശിശുമരണങ്ങൾ, ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തര അവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെ കാര്യത്തിൽ അമ്മമാർക്ക്‌വേണ്ട ഗർഭകാല പരിചരണവും, കുഞ്ഞുങ്ങൾക്ക് വേണ്ട ഫീൽഡ് തല പരിശോധനകളും പരിചരണവും, ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്. ഏതെങ്കിലും വിഭാഗം ജീവനക്കാരുടെ വീഴ്ചയുള്ളതായി കാണാൻ കഴിയില്ല. ആയതിനാൽ ഇക്കാര്യത്തിൽ നടപടികളെടുത്തിട്ടില്ല.

ആരോഗ്യത്തെ നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന ഘടകങ്ങളായ ആഹാരം, ശുദ്ധമായ കുടിവെള്ളം, സ്ഥിരം വരുമാനം, തൊഴിൽ താമസ സൗകര്യങ്ങൾ തുടങ്ങിയവയാണ്. ഇക്കാര്യത്തിൽ ഇപ്പോഴും ഈ മേഖലയിൽ പോരായ്മകളുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകൾ ഏകോപിച്ച് ചെയ്ത് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ